**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1735** **12-09-2023 - ൽ മറുപടിയ്ക്ക്**

**നെല്ലിൻെറ ഉത്പാദനവും താങ്ങുവിലയും വർദ്ധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നെല്ലിൻെറ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | **ഈ സർക്കാർ അധികാരമേറ്റ ശേഷം നെല്ലിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം അനുബന്ധം-1 ആയി ചേർക്കുന്നു.** |
| (ബി) | ഇക്കാലയളവിൽ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ച നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണെന്നും ഇത് എന്ന് മുതലാണ് വർദ്ധിപ്പിച്ച് നൽകിയതെന്നും വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്രം അനുവദിച്ച നെല്ലിന്റെ താങ്ങ് വില 2020-21, 2021-22, 2022-23 വർഷങ്ങളിൽ 18.68 രൂപ, 19.4 രൂപ, 20.4 രൂപ എന്നീ ക്രമത്തിലാണ്. |
| (സി) | നെല്ലിന്റെ സംഭരണ വിഹിതമായി കേന്ദ്രസഹായം അനുവദിക്കാറുണ്ടോയെന്നും എങ്കിൽ ഈ ഇനത്തിൽ കേന്ദ്രത്തിൽ നിന്നും എത്ര തുക ലഭിക്കാനുണ്ടെന്നും കേന്ദ്രം അനുവദിച്ച താങ്ങുവിലയ്ക്ക് അനുസരിച്ചുള്ള തുക സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (സി) | നെല്ല് സംഭരണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാർ ഓരോ സീസണിലും തുക അനുവദിക്കുന്നുണ്ട്. കേന്ദ്രസർക്കാർ അനുവദിക്കുന്ന താങ്ങ് വിലക്ക് പുറമെ സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഇൻസെന്റീവ് ബോണസ് കൂടി ചേർത്താണ് നെല്ല് സംഭരിക്കുന്നത്. കേന്ദ്രസർക്കാരിലേക്ക് ക്ലെയിം ചെയ്ത തുകകളുടെയും അനുവദിച്ച തുകകളുടെയും അനുവദിക്കാൻ ബാക്കിയുള്ള തുകകളുടെയും വിവരങ്ങൾ ***അനുബന്ധം-2*** ആയി ചേർത്തിരിക്കുന്നു. ആയതിൻപ്രകാരം 637.66 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭിക്കാനുണ്ട്. നെല്ലിന് അർഹമായ താങ്ങ് വില നൽകേണ്ടത് കേന്ദ്രമാണ്. അർഹമായ താങ്ങ് വില കേന്ദ്രത്തിൽ നിന്നും ലഭിക്കാത്ത സാഹചര്യത്തിലാണ് സംസ്ഥാനം പ്രോത്സാഹന ബോണസ് നൽകുന്നത്. |
| (ഡി) | നെൽകർഷകർക്ക് ഇപ്പോൾ ഹെക്ടറിന് എത്ര രൂപ നിരക്കിലാണ് ഉൽപാദന ബോണസ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | ഹെക്ടറിന് 1000 രൂപ നിരക്കിലാണ് ഉൽപാദന ബോണസ് നൽകുന്നത്. |
| (ഇ) | പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നും നെൽകൃഷിക്ക് പ്രോൽസാഹനം നൽകുന്ന എന്തൊക്കെ | (ഇ) | ഉൽപാദന ബോണസ് നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം പരിശോധിക്കാവുന്നതാണ്. സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിവരുന്നതെന്നും വ്യക്തമാക്കുമോ? | | തരിശു സ്ഥലം കൃഷി ചെയ്യുന്നതിനു ധനസഹായം, ഒരുപൂ നിലങ്ങൾ ഇരുപൂ കൃഷി ചെയ്യുന്നതിന് ധനസഹായം, നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റി, പാടശേഖരത്തിന്റെ പൊതു ആവശ്യങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും ധനസഹായം, നെൽകൃഷി വികസന ഏജൻസികൾക്കു ഹോണറേറിയം, പ്രോജെക്ട് അധിഷ്ഠിത ധനസഹായം എന്നിവ, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി വികസനത്തിനുള്ള ധനസഹായം, കോൾ മേഖലയുടെ വികസനത്തിന് ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതി, ഗുണമേന്മയുള്ള വിത്ത് ഉത്പ്പാദിപ്പിച്ചു കർഷകർക്ക് വിതരണം ചെയ്യുന്നതിന് ***രജിസ്റ്റേർഡ് സീഡ് ഗ്രോവെർസ് പ്രോഗ്രാം***, പരമ്പരാഗത നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കൈപ്പാട് എന്നീ മേഖലകളുടെ വികസനത്തിനുള്ള പദ്ധതി, പ്രളയാനന്തരം മണ്ണിനുണ്ടായ മാറ്റങ്ങൾ ക്രമീകരിച്ചു ഉൽപ്പാദനം വർധിപ്പിക്കുന്നതിനുള്ള പദ്ധതി, നെല്ലുൽപ്പാദന ബോണസ്, ജലസേചനത്തിന് സൗജന്യ വൈദ്യുതി പദ്ധതി, പ്രകൃതി ക്ഷോഭം മൂലം നെൽകൃഷി നശിക്കുന്ന സാഹചര്യങ്ങളിൽ സൗജന്യമായി വിത്ത് നൽകുക എന്നീ പദ്ധതികളാണ് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു നടത്തി വരുന്നത്. ഇതു കൂടാതെ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

## നെല്ലിന്റെ ഉൽപ്പാദനം വർധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ / പദ്ധതികൾ :

### *1. തരിശു സ്ഥലത്തെ കൃഷി :*

തരിശു സ്ഥലങ്ങൾ കണ്ടെത്തി കൃഷി ചെയ്യിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കുവാൻ പരമാവധി സ്ഥലങ്ങൾ കൃഷി ചെയ്യേണ്ടതാണ് എന്ന ബഹു മുഖ്യമന്ത്രിയുടെ ആഹ്വാനം ഉൾക്കൊണ്ടു ***സുഭിക്ഷ കേരളം പദ്ധതി*** പ്രകാരം വ്യക്തികൾ, ഗ്രൂപ്പുകൾ, സ്ഥാപനങ്ങൾ തുടങ്ങി സമസ്ത മേഖലകളിൽ ഉള്ളവരെയും ഉൾപ്പെടുത്തി കൃഷി ചെയ്യുകയുണ്ടായി. ഇത്തരത്തിൽ തരിശു സ്ഥലം കൃഷി ഇറക്കിയതിന്റെ വിവരം വർഷം തിരിച്ചു ചേർക്കുന്നു .

***2021-22*** വിസ്തീർണം 748.9205 ഹെക്ടർ
ചെലവാക്കിയ തുക 299.5682 ലക്ഷം രൂപ

***2022-23*** വിസ്തീർണം 970.19185 ഹെക്ടർ
ചെലവാക്കിയ തുക 318.32185 ലക്ഷം രൂപ

കാലാവസ്ഥ മാറ്റം, നിയമപരവും നിയമ വിരുദ്ധവുമായ നിലം പരിവർത്തനം മുതലായവ കൊണ്ട് ഈ കൃഷി തുടർന്ന് കൊണ്ട് പോകുവാൻ തടസ്സമുണ്ടാകുന്നത് ഒഴിവാക്കാൻ രണ്ടാം വർഷ ധന സഹായവും മൂന്നാം വർഷ ധന സഹായവും നൽകി കർഷകരെ നെൽകൃഷിയിൽത്തന്നെ പിടിച്ചു നിർത്തുകയുണ്ടായി.

### *2. ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി ചെയ്യുക:*

പ്രാദേശികമായ വിവിധ കാരണങ്ങൾ/പ്രശ്നങ്ങൾ /തടസ്സങ്ങൾ കൊണ്ട് ഒരു പൂ മാത്രം കൃഷി ചെയ്തിരുന്ന വയലുകളിൽ പ്രശ്നപരിഹാരം നടത്തി കൊണ്ട് ഇരുപ്പൂ നിലങ്ങൾ ആക്കി മാറ്റുവാൻ വകുപ്പിന് കഴിഞ്ഞു. ഈ സർക്കാർ അധികാരമേറ്റ ശേഷം (2021-22 മുതൽ) കൃഷി ഇറക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു

വിസ്തീർണം 835.3 ഹെക്ടർ
ചെലവാക്കിയ തുക 82.298 ലക്ഷം രൂപ

### *3. നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റി*

നെൽ കൃഷി ചെയ്യുന്നതിന് വയൽ വിട്ടു കൊടുക്കുവാൻ ഉടമസ്ഥർ വിമുഖത കാട്ടുന്നതിനാൽ നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റി നൽകുന്ന പദ്ധതിയും നടപ്പിലാക്കി. റിയൽ എസ്റ്റേറ്റ് ബിസിനസ്സിന്റെ ഭാഗമായി നെൽവയലുകൾ ചെറിയ വിലക്ക് വാങ്ങുകയും കൃഷി ചെയ്യുവാൻ അനുവാദം കൊടുക്കുകയുമില്ലാത്ത സാഹചര്യങ്ങൾ ഇപ്പോഴും നിലവിലുണ്ട്. ഈ സ്ഥലങ്ങൾ കൃഷിയിറക്കാത്തത് കൊണ്ട് ചേർന്ന് കിടക്കുന്ന വയലുകളിലും കൃഷി ഇറക്കാൻ കഴിയാത്ത സാഹചര്യവും നിലവിലുണ്ട്. ഇത് നെൽകൃഷി ഭാവിയിൽ കുറയുവാൻ ഇടയാക്കുന്നതാണ്. ഇത് ഒഴിവാക്കുന്നതിന് ഒരു പരിധി വരെ റോയൽറ്റി നൽകുന്നതിലൂടെ കഴിയുന്നുണ്ട്.

വിസ്തീർണം 46065.67 ഹെക്ടർ

ചെലവാക്കിയ തുക 787.67658 ലക്ഷം രൂപ

***4. പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യം, പൊതു ആവശ്യങ്ങൾ മെച്ചപ്പെടുത്തൽ,*** പൊതുഞാറ്റടി , കാർഷിക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റപണികൾ തുടങ്ങി പാടശേഖര സമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള ഫണ്ട് അനുവദിച്ചു നൽകി കൃഷി നിലനിർത്തുന്നതിനുള്ള പ്രവർത്തനവും നടത്തിയിട്ടുണ്ട് .

***5.*** നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള ***10 നെൽകൃഷി വികസന ഏജൻസികൾക്കായി ഹോണറേറിയം***, സിറ്റിംഗ് ഫീസ്, പ്രോജക്ടാധിഷ്ഠിത ധനസഹായം എന്നിവക്കായി 107.07375 ലക്ഷം രൂപ ചെലവഴിച്ചു പരിഹാരം ഉണ്ടാക്കി.

***6. സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവ്*** കൈവരിക്കുന്നതിന്റെ ഭാഗമായി ഹെക്ടർ ഒന്നിന് 13600/- രൂപ നിരക്കിൽ ആനുകൂല്യം നൽകികൊണ്ട് കരനെൽകൃഷി നടപ്പിലാക്കി.

വിസ്തീർണം 915.571132 ഹെക്ടർ

ചെലവാക്കിയ തുക 123.00745 ലക്ഷം രൂപ

***7. പ്രത്യേക നെല്ലിനങ്ങളു***ടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) ***കൃഷി*** ഹെക്ടർ ഒന്നിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം നൽകി

| ***വർഷം*** | ***വിസ്തീർണം (ഹെക്ടർ)*** | ***ചെലവ് (ലക്ഷം)*** |
|---|---|---|
| 2021-22 | 499.9995 | 49.99995 |
| 2022-23 | 617.7 | 56.2631 |
| ആകെ | 1117.6995 | 106.26305 |

***8. തൃശ്ശൂർ ജില്ലയിൽ*** നടപ്പാക്കിയ പ്രത്യേക ***ഓപ്പറേഷൻ കോൾ ഡബിൾ പദ്ധതി***യിൽ ഉൾപ്പെടുത്തി ഒരുപ്പൂ കൃഷി ഇറക്കുന്ന കോൾ പടവുകളിൽ രണ്ടുപ്പൂ നെൽകൃഷി, ഒന്നാം വിള നെൽകൃഷിയ്ക്ക് ശേഷം രണ്ടാ വിളയായി പയർ/ചോളം/എണ്ണക്കുരു വിളകൾ എന്നിവയുടെ കൃഷി, പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറി വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കി കോൾ മേഖലയിലെ നെൽകൃഷി വികസനത്തിന് വഴി തെളിച്ചു. 2021-22-ൽ 125 ലക്ഷം രൂപയും 2022-23 ൽ 11.68871 ലക്ഷം രൂപയും ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

***9 . നെൽകൃഷിയ്ക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉല്പാദിപ്പിച്ച്*** കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുല്പാദക പദ്ധതി നടപ്പിലാക്കുകയും അത് വഴി കർഷകർക്കാവശ്യമായ സർട്ടിഫൈഡ് വിത്ത് ഉത്പ്പാദിപ്പിക്കുകയും, കൃഷി ഭവൻ വഴി വിതരണം നടത്തുകയും ചെയ്തു. ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ 9562.05 ടൺ നെൽവിത്ത് വിതരണം ചെയ്തിട്ടുണ്ട്. വിത്ത്സംഭരണവും വിതരണവും പുരോഗമിക്കുന്നു

***10 . സംസ്ഥാനത്തെ പരമ്പരാഗത നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കയ്പാട്*** എന്നീ പ്രദേശങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി കൊണ്ട് കരി മേഖലയിൽ 29.17677 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും പൊക്കാളി മേഖലയിൽ 16.80857 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും കയ്പാട് മേഖലയിൽ 38.17311 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും ചേർത്ത് ആകെ 84.15845 ലക്ഷം രൂപ ചെലവഴിച്ചു. പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ 4.48407 ലക്ഷം രൂപ ചെലവഴിച്ചു .

***11 . പ്രളയാനന്തരം മണ്ണിനുണ്ടായ മാറ്റങ്ങൾ ക്രമീകരിക്കുന്നതിനായി മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനം*** പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് ധനസഹായം നൽകി .

***12 . നെല്ലിന്റെ ഉല്പാദന ബോണസാ***യി ഓരോ സീസണിലെ നെൽകൃഷിയ്ക്കും ഹെക്ടറിന് 1000/- രൂപ നൽകുന്നു .

***13 . നെൽകൃഷിയ്ക്ക്*** പരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ***ജലസേചനത്തിന് വൈദ്യുതി സൗജന്യ***മായി അനുവദിച്ചു വരുന്നുണ്ട്.

***14 .*** *കേന്ദ്രാവിഷ്കൃത പദ്ധതിയായ* ***രാഷ്ട്രീയ കൃഷി വികാസ് യോജന-*** യിലെ 'Productivity Improvement of Paddy in Kerala എന്ന ഘടകത്തിൽ 2021-22 വർഷത്തിൽ ***ആലപ്പുഴ ജില്ലയിൽ 29000 ഹെക്ടറിൽ ഉല്പാദനോപാധികൾക്കായി*** ഹെക്ടർ ഒന്നിന് 4500/- രൂപ പ്രകാരം ധനസഹായം നൽകുകയും, നെല്ലിന്റെ മൂല്യവർദ്ധനവിനായി 10 മിനി റൈസ് മിൽ, 3 സംസ്കരണ യൂണിറ്റ് എന്നിവ സ്ഥാപിക്കുകയും ചെയ്തു. ആകെ 623.86805 ലക്ഷം രൂപ കർഷകർക്ക് ലഭ്യമാക്കി.

***15 . ദേശീയ ഭക്ഷ്യസുരക്ഷ പദ്ധതി (നെല്ല്)*** പാലക്കാട് ജില്ലയിൽ നടപ്പിലാക്കി. പ്രദർശന പ്ലോട്ടുകൾ, സർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീടരോഗനിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചനസൗകര്യം മെച്ചപ്പെടുത്തൽ, ജൈവനെൽകൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി 2021-22 വർഷത്തിൽ 86.33 ലക്ഷം രൂപയും, 2022-23 വർഷത്തിൽ 22.09 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 53.70 ലക്ഷം രൂപയുടെ ആക്ഷൻ പ്ലാൻ കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതിന് അംഗീകാരം ലഭിച്ചു. 13.42 ലക്ഷം രൂപ ലഭ്യമായത് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

***16 .*** ഇതിനു പുറമേ, ***പ്രകൃതിക്ഷോഭം*** മൂലം നെൽകൃഷിയ്ക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ ***പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി*** നൽകുന്നുണ്ട്. കൂടാതെ ***പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ*** നിന്നും ഹെക്ടറിന് 13500/- രൂപ നിരക്കിലും ***വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക്*** 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഹെക്ടറിന് 15000/- രൂപയും 45 ദിവസത്തിന് ശേഷമുള്ള വിളയ്ക്ക് ഹെക്ടറിന് 35000/- രൂപ പ്രകാരവും ധനസഹായം അനുവദിയ്ക്കുന്നുണ്ട്.

***16. കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല്*** സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ***സംഭരിക്കുകയും*** ചെയ്യുന്നു.

**അനുബന്ധം-2**

***കേന്ദ്രസർക്കാരിലേക്ക് ക്ലെയിം ചെയ്ത തുകകളുടെയും അനുവദിച്ച തുകകളുടെയും അനുവദിക്കാൻ ബാക്കിയുള്ള തുകകളുടെയും വിവരങ്ങൾ***

| **സാമ്പത്തിക വർഷം** | **ക്ലെയിം തുക (രൂപയിൽ)** | **അനുവദിച്ച തുക (രൂപയിൽ)** | **അനുവദിക്കാൻ ബാക്കിയുള്ള തുക (രൂപയിൽ)** |
|---|---|---|---|
| 2018-19 | 5382016292 | 5316600000 | 65416292 |
| 2019-20 | 12217609101 | 10008400000 | 2209209101 |
| 2020-21 | 12692585002 | 12299000000 | 393585002 |
| 2021-22 | 13721312340 | 13199800000 | 521512340 |
| 2022-23 | 14916444738 | 11386500000 | 3529944738 |